**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1231 03.12.2015-ൽ മറുപടി നൽകേണ്ടത്

**റാന്നി നിയോജക മണ്ഡലത്തിലെ കർഷകർക്ക് പട്ടയം നൽകൽ**

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ പമ്പാവാലി, വടന്തമൺ, തെക്കേത്തൊടി എന്നിവിടങ്ങളിലെ കൈവശ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കുമോ ; | റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ ആകെയുള്ള 2851 കൈവശങ്ങളിൽ 33 സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെ 2818 കൈവശങ്ങളിൽ 1497 എണ്ണത്തിന് ഫുഡ് പ്രൊഡക്ഷൻ (എഫ്.പി) പട്ടയം ലഭിച്ചിരുന്നതും, 2011-ൽ 1031 കൈവശങ്ങൾക്ക് പട്ടയം നൽകിയിരുന്നതും, 2015-ലെ പട്ടയമേളയിൽ 207 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 83 കൈവശങ്ങൾക്കുകൂടി പട്ടയം നൽകാൻ ബാക്കി ഉണ്ട്. അത്തിക്കയം വില്ലേജിലെ മടന്തമൺ എന്ന സ്ഥലത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് ടി സ്ഥലം സർവ്വെ നടത്തി തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. അത്തിക്കയം വില്ലേജിലെ തെക്കേതൊടി പ്രദേശത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്ഥലം തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടില്ല. |

| | | |
|---|---|---|
| (ബി) | പട്ടയം നൽകാനായി ആരംഭിച്ച സർവ്വേ നടപടികൾ പൂർത്തിയായോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത നടപടികൾ ധ്രുതഗതിയിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; എന്നത്തേയ്ക്ക് സർവ്വേ നടപടി പൂർത്തിയാക്കാനാകും; | പട്ടയം നൽകുന്നതിനുള്ള നടപടികൾ പമ്പാവാലിയിൽ പൂർത്തിയായി. മടന്തമണ്ണിൽ പൂർത്തീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പട്ടയങ്ങൾ ഉപാധികളോടെയുള്ളതാണോ ഉപാധിരഹിതമാണോ; ഉപാധികൾ എന്തൊക്കെയാണ് ; | 2015 സെപ്റ്റംബർ മാസ പട്ടയമേളയിൽ വിതരണം ചെയ്ത പട്ടയങ്ങൾ ഉപാധിരഹിതമാണ്. |
| (ഡി) | പതിറ്റാണ്ടുകളായി കർഷകരുടെ കൈവശമിരിക്കുന്ന കൃഷിഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാൻ നടപടി സ്വീകരിക്കുമല്ലോ; എന്നത്തേക്ക് പട്ടയവിതരണം ചെയ്യാനാകും ; | (ഡി)യും (ഇ)യും<br>നിലവിൽ കൈവശഭൂമിയ്ക്ക് വിതരണം ചെയ്യുന്ന പട്ടയങ്ങൾ ഉപാധിരഹിതമാണ്. |
| (ഇ) | കർഷകരുടെ കൈവശം ഇപ്പോഴുള്ള ഉപാധി പട്ടയങ്ങളും ഉപാധിരഹിതമാക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ